പ്രചരണം നടത്തിക്കൊണ്ടിരിക്കുകയാണ്. അവരുടെ പ്രവർത്തനത്തിന്റെ ഫലമായിട്ടാണ് സിഗറ്റിന് ഇപ്പോൾ 30 ശതമാനം നികുതി ഈടാക്കുന്നത്. വരുമാനമല്ല പ്രശ്നം, ഈ ലഹരി ഉപയോഗം കുറയ്ക്കുക എന്നുള്ള ലക്ഷ്യത്തോടു കൂടിയാണ്. ബീഡിയുടെ കാര്യത്തിലും 14.5 ശതമാനമെന്നുള്ളത് വരുമാനത്തെ ലക്ഷ്യമാക്കിക്കൊണ്ടല്ല, മറിച്ച് ശക്തമായ സമ്മർദ്ദം ഇന്ത്യയൊട്ടാകെ നടക്കുന്ന പ്രചരണത്തിന്റെ ഭാഗമായി വന്നിട്ടുണ്ട്. ഏതായാലും ബഹുമാനപ്പെട്ട അംഗം പറഞ്ഞ സാഹചര്യത്തിൽ അതിൽ എന്ത് ചെയ്യാൻ സാധിക്കുമെന്ന് ഒന്നുകൂടി പരിശോധിക്കാം. വരുമാന നഷ്ടമായി ഇതിന് ഒരു ബന്ധവുമില്ല, അക്കാര്യത്തിൽ എന്ത് വിട്ടുവീഴ്ച ചെയ്യാനും തയ്യാറാണ്. പക്ഷേ അതിനെതിരെ ശക്തമായ വിമർശനമുണ്ടാകും. അതിന് എന്തുവേണം എന്നുള്ളത് മാത്രമാണ് ഗവൺമെന്റ് ആലോചിക്കുന്നത്.

## (4) ധനസഹായം

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട കട്ടച്ചിറയിൽ കഴിഞ്ഞ തിങ്കളാഴ്ച തമിഴ്നാട് സ്വദേശിയായ ഒരാൾ മയക്കുമരുന്നിന്റെ ലഹരിയിലാണോ മാനസിക രോഗിയാണോ എന്നൊന്നും അറിയില്ല, ഒരു മാരകായുധവുമായി വന്ന് കണ്ണിൽ കണ്ടവരെയെല്ലാം വെട്ടി. 7 ആളുകൾക്കാണ് പരിക്കുപറ്റിയത്. ഒരു വൃദ്ധദമ്പതി ഉൾപ്പെടെയുള്ളവരിൽ സ്ത്രീ അപ്പോൾ തന്നെ മരിച്ചു, ഭർത്താവ് ഇന്നലെ മരിച്ചു. ബാക്കി 5 ആളുകളിൽ 4 പേരും സ്ത്രീകളാണ്, ഗുരുതരമായി പരിക്കുപറ്റി ആശുപത്രിയിലാണ്. അതിൽ ഒരാൾ ഇപ്പോൾ അത്യാസന്നനിലയിലുമാണ്. ഇവരെല്ലാം വളരെ പാവപ്പെട്ടയാളുകളാണ്. എന്തിനുവേണ്ടിയാണ് ഇയാൾ ഇത് ചെയ്തുവെന്നറിയില്ല, അപ്രതീക്ഷിതമായ അക്രമണത്തിലാണ് ഇവർക്ക് പരിക്കുപറ്റിയത്. ഇവരുടെ ചികിത്സാസഹായം ഗവൺമെന്റ് വഹിക്കണം. അവർക്കാവശ്യമായ ധനസഹായവും ചെയ്യണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. കെ. സുരേഷ് കുറുപ്പ് പറഞ്ഞ സംഭവം ഏറ്റവും ദു:ഖകരമായ ഒന്നായിപ്പോയി. ഒരു നാടിനെയാകെ ദു:ഖത്തിലാഴ്ത്തിയ, നിരപരാധികളായിട്ടുള്ള നിരവധി പേരെ അക്രമിക്കുകയും രണ്ടുപേർ മരണപ്പെടുകയും ചെയ്ത ഒരു സംഭവമാണ്. ഇക്കാര്യത്തിൽ പ്രതിയെ കസ്റ്റഡിയിലെടുത്തിട്ടുണ്ട്. കർശനമായ നിയമനടപടികൾ സ്വീകരിക്കുന്നുണ്ട്. സാമ്പത്തിക സഹായവും ചികിത്സാ സഹായവും നൽകുന്നതുസംബന്ധിച്ച്, സാധാരണരീതിയിൽ ഇങ്ങനെയുള്ള കാര്യത്തിൽ കൊടുക്കാറില്ലെങ്കിലും ഇതൊരു പ്രത്യേക കേസായി പരിഗണിക്കാൻ കളക്ടറുടെ റിപ്പോർട്ട് കൂടി വരുത്തി വേണ്ട നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്.

GPM. 2/235/2020-55

LIBRARY ARCHIVES Kerala Legislative Assembly